(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണത്തിൽ ഏതൊക്കെ തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത ക്രമക്കേടുകൾ നടത്തുന്നതിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത ക്രമക്കേടുകൾ നടത്തുന്നതിൽ ബാഹ്യമായ ഇടപെടലുകൾ ആരാണ് നടത്തിയതെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ഉം പരിശോധന നടത്തിയിട്ടുണ്ട്. ഫ്ലോർ ഏരിയ റേഷ്യോ കണക്കാക്കി ഫീസ് ഈടാക്കിയതിലും കെട്ടിടം ക്രമവൽക്കരിച്ചതിലും കെട്ടിട നമ്പർ അനുവദിച്ചതിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി&ഡി) ഇല്ല. ബാഹ്യ ഇടപെടലുകൾ സംബന്ധിച്ച തെളിവുകൾ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

225 (4268) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഉണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) പഞ്ചായത്ത് സെക്രട്ടറി നിയമനത്തിന്റെ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ പഞ്ചായത്ത് സെക്രട്ടറിമാരുടെ 207 ഒഴിവുകളുണ്ട്. ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു :

ജില്ല	ഒഴിവുകൾ
തിരുവനന്തപുരം	14
കൊല്ലം	9
പത്തനംതിട്ട	9
ആലപ്പുഴ	19
കോട്ടയം	30
ഇടുക്കി	5
എറണാകുളം	10
തൃശ്ശൂർ	27
പാലക്കാട്	20
മലപ്പുറം	21
കോഴിക്കോട്	21
വയനാട്	8
കണ്ണൂർ	10
കാസർഗോഡ്	4
ആകെ	207

(ബി) പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി പുനഃക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന ഒ.എ.-1002/2014, ഒ.എ.1375/14, ഒ.എ.735/2014 (ഇ.കെ.എം.), റ്റി.എ.171/2013 എന്നീ ഹർജികൾ തീർപ്പാക്കി 6-3-2015-ൽ ഉത്തരവായിരുന്നു. ടി ഉത്തരവിൽ വകുപ്പിലെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും സീനിയോറിറ്റി/ഗ്രഡേഷൻ പട്ടികയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദ് ചെയ്യുകയുണ്ടായി. ആയതിനാലാണ് സെക്രട്ടറി തസ്തികയിലെ നിയമനത്തിന് കാലതാമസമുണ്ടായത്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന ഒ.പി. (കെ.എ.റ്റി.)-യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വരെയുള്ള തസ്തികകളിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാൻ 15-5-2015-ൽ ഉത്തരവായിരുന്നു. അതിൻപ്രകാരം സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേവികുളത്തെ ഭവന നിർമ്മാണ പദ്ധതി

226 (4269) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ദേവികുളം നിയോജകമണ്ഡലത്തിലെ ഏത്ര പഞ്ചായത്തുകളിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ 11 ഗ്രാമപഞ്ചായത്തുകളിലും ഭവന നിർമ്മാണ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ദേവികുളം, മൂന്നാർ, അടിമാലി, കാന്തല്ലൂർ, മാങ്കുളം, വെള്ളത്തൂവൽ, ഇടമലക്കുടി, വട്ടവട, ചിന്നക്കനാൽ, പള്ളിവാസൽ, മറയൂർ എന്നീ പഞ്ചായത്തുകളിലാണ് ഭവന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

227 (4270) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയെന്ന് പഞ്ചായത്ത് തിരിച്ചു വിശദമാക്കാമോ ?

ഉത്തരം

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly